സംസ്ഥാന വൈദ്യുതി ബോർഡിന്റെ വായ്പ

127 (902) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ബി. വിജയകുമാർ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡ് 1992-93 മുതൽ 1999-2000 വരെ ഓരോ വർഷവുംഎന്തു തുക വീതം വായ്പയെടുത്തു ;

(ബി) ഇതിൽ എന്തു തുക വീതം ഓരോ വർഷവും പദ്ധതി ചെലവുകൾക്ക് വിനിയോഗിച്ചു ;

(സി) ഈ കാലഘട്ടത്തിൽ ഓരോ വർഷവും വായ്പയെടുത്ത തുകയും പദ്ധതിക്ക് വിനിയോഗിച്ച തുകയും തമ്മിലുള്ള അന്തരം എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ കാലഘട്ടത്തിൽ ഓരോ വർഷവും പലിശ അടയ്ക്കുന്നതിനു വേണ്ടി എന്തു തുകയുടെ ചെലവുണ്ടായി ;

(ഇ) ഇത് ഓരോ വർഷവും വൈദ്യുതി ബോർഡിന്റെ വരവിന്റെ എത്ര ശതമാനം വീതമായിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 1992-93 മുതൽ 1999-2000 വരെ ഓരോ വർഷവും സംസ്ഥാന വൈദ്യുതി ബോർഡ് എടുത്ത വായ്പ തുക, പദ്ധതി ചെലവിനായി വിനിയോഗിച്ച തുക ഇവ തമ്മിലുള്ള അന്തരം എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	മൊത്തം വായ്പ (രൂപ കോടിയിൽ)	പദ്ധതിയുടെ ചെലവ്	അന്തരം
92-93	118.67	199.30	80.63
93-94	213.08	252.62	39.74
94-95	351.29	399.53	48.24
95-96	409.39	515.28	105.89
96-97	547.20	491.54	55.66

LIBRARY ARCHIVES Kerala Legislative Assembly

1992-93 മുതൽ 1996-97 വരെയുള്ള കണക്കുകളേ ആഡിറ്റു ചെയ്തിട്ടുള്ളുവെന്നതിനാൽ 1997-98 മുതൽ 1999-2000 വരെയുള്ള വിവരങ്ങൾ ആഡിറ്റു ചെയ്ത കണക്കു ലഭിച്ച ശേഷം നൽകുന്നതാണ്.

(ഡി&ഇ) 92-93 മുതൽ 96-97 വരെയുള്ള കണക്കുകൾ താഴെ കൊടുക്കുന്നു.

വർഷം	പലിശയ്ക്കു ചെലവായ തുക	വൈദ്യുതിയുടെ വിറ്റുവരവും മറ്റു വരവും	വരവിൻമേൽ പലിശയുടെ നിരക്ക്
	(രൂപ കോടിയിൽ)		
92-93	63.03	442.82	14.23
93-94	63.77	537.74	11.85
94-95	91.35	636.05	14.36
95-96	108.45	725.03	14.96
96-97	138.51	705.34	19.64

1997-98, 98-99 വർഷങ്ങളിലെ വിവരങ്ങൾ ആഡിറ്റ് ചെയ്ത കണക്കുകൾ ലഭ്യമായതിനുശേഷം നൽകുന്നതാണ്.

ത്രിതല സഹകരണ ബാങ്കിംഗ് സമ്പ്രദായം

128 (944) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ത്രിതല സഹകരണ ബാങ്കിംഗ് സംവിധാനം വിപുലപ്പെടുത്തുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുവാൻ നിയോഗിച്ച കമ്മിറ്റി അതിന്റെ ശുപാർശകൾ ഗവൺമെന്റിന് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കമ്മിറ്റിയുടെ ശുപാർശകളിൽ ഏതെല്ലാം നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശുപാർശകളുടെ സംഗ്രഹം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly